ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:28.12.2024**

## പ്രധാനവാർത്തകൾ

1.) മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങിന് വിട; പൂർണ ഔദ്യോഗിക ബഹുമതികളോടെ നിഗം ബോധ് ഘട്ടിൽ നടന്ന സംസ്കാര ചടങ്ങിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ് തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിച്ചു.

2.) ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും പരിഷ്കരിക്കപ്പെടണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3.) മണ്ഡല - മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ശബരിമലയിൽ കുറ്റമറ്റ രീതിയിൽ വൈദ്യുതി വിതരണം ഉറപ്പാക്കുമെന്ന് കെ.എസ്.ഇ.ബി.

4.) വോട്ടർമാരുടെ ലിംഗാനുപാതത്തിൽ കേരളം രാജ്യത്ത് രണ്ടാമതെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

5.) മനുഷ്യ-വന്യമൃഗ സംഘർഷം രൂക്ഷമായ കോതമംഗലത്തെ വനമേഖലയിൽ സുരക്ഷ ശക്തമാക്കണമെന്ന് ജില്ലാ വികസന സമിതി യോഗം.

6.) സന്തോഷ് ട്രോഫി ഫുട്ബോൾ സെമി ഫൈനലിൽ കേരളം നാളെ മണിപ്പൂരിനെ നേരിടും.

*************************************************

RNU TVPM

## ഡോ.മൻമോഹൻ സിംഗ് - സംസ്കാരം

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങിന് വിട. സംസ്കാരം പൂർണ ഔദ്യോഗിക ബഹുമതികളോടെ ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ തുടങ്ങിയവർ സംസ്കാര ചടങ്ങിൽ പങ്കെടുത്തു. അനുശോചന പ്രവാഹത്തിൽ, രാഷ്ട്രതന്ത്രജ്ഞൻ, സാമ്പത്തിക വിദഗ്ധൻ എന്ന നിലകളിൽ മൻ മോഹൻ സിംഗ് സമൂഹത്തിന് നൽകിയ സംഭാവനകൾ അനുസ്മരിക്കപ്പെട്ടു. വ്യാഴാഴ്ച്ച രാത്രിയാണ് ഡോ.മൻമോഹൻ സിംഗ് അന്തരിച്ചത്. 92 വയസായിരുന്നു.

****************************************

RNU TVPM

## കൊച്ചി കാർണിവൽ

കൊച്ചി കാർണിവലിനോട് അനുബന്ധിച്ച് കാർണിവൽ കമ്മിറ്റി നേരിട്ട് നടത്തുന്ന എല്ലാ ആഘോഷ പരിപാടികളും റദ്ദാക്കിയതായി കാർണിവൽ കമ്മിറ്റി ചെയർപേഴ്സൺ അറിയിച്ചു.മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തെ തുടർന്ന് ജനുവരി 1 വരെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ആണ് തീരുമാനം.

****************************************

## താജ് കൊച്ചിൻ -മുഖ്യമന്ത്രി

ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും പരിഷ്കരിക്കപ്പെടണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം, സിയാലിൻറെ പുതിയ സംരംഭമായ ' താജ് കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു

അദ്ദേഹം. കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുക, പ്രാദേശിക കണക്റ്റിവിറ്റി വർധിപ്പിക്കുക, കൂടുതൽ സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുക തുടങ്ങിയവയാണ് സിയാലിന്റെ പ്രധാന പ്രവർത്തനങ്ങളെന്നും മുഖ്യമന്ത്രി പറഞ്ഞു. ആഘോഷ പരിപാടികൾ ഒഴിവാക്കിയാണ് ചടങ്ങ് നടന്നത്.

******************************

## എയർ കേരള

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം തിങ്കളാഴ്ച ഒപ്പുവെക്കും. കേരള സർക്കാരിനും സിയാലിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള. കണ്ണൂരിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്.

RNU TVPM

******************************

## ശബരിമല .... ഇൻട്രോ

മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി പമ്പ മുതൽ സന്നിധാനം വരെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ശബരിമലയിൽ കുറ്റമറ്റ രീതിയിൽ വൈദ്യുതി വിതരണം ഉറപ്പാക്കുമെന്ന് കെ.എസ്.ഇ.ബി. അറ്റകുറ്റപ്പണികൾ നാളെ പൂർത്തിയാകും. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയ്സ്)

******************************

## വോട്ടർമാരുടെ ലിംഗാനുപാതം-കേരളം

വോട്ടർമാരുടെ ലിംഗാനുപാതത്തിൽ കേരളം ഇന്ത്യയിൽ രണ്ടാമതെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. പുതിയ

കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരു കോടി 43 ലക്ഷത്തി 36,133 സ്ത്രീ വോട്ടർമാരാണുള്ളത്. ഇത് ആകെ വോട്ടർമാരുടെ 51.56 ശതമാനമാണ് . 1000 പുരുഷ വോട്ടർമാർക്ക് 946 സ്ത്രീ വോട്ടർമാർ എന്ന ദേശീയ ശരാശരിയെക്കാൾ കൂടുതലാണ് നിലവിൽ സംസ്ഥാനത്തെ വോട്ടർമാരുടെ ലിംഗാനുപാതം. ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് വ്യക്തമാകുന്നതെന്ന് സംസ്ഥാന സർക്കാർ പറഞ്ഞു.

*******************************************

## മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 211 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി കെ.എൻ.ബാലഗോപാൽ. പൊതുആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൻറെ ഒരു ഗഡുകൂടിയാണ് അനുവദിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്ക് 150 കോടി രൂപ ലഭിക്കും. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 കോടി, ജില്ലാ പഞ്ചായത്തുകൾക്ക് ഏഴു കോടി, മുൻസിപ്പാലിറ്റികൾക്ക് 26 കോടി എന്നിങ്ങനെയാണ് അനുവദിക്കുക. കോർപറേഷനുകൾക്ക് 18 കോടി രൂപ ലഭിക്കും.

RNUTVPM

*******************************************

## മനുഷ്യ-വന്യമൃഗ സംഘർഷം

മനുഷ്യ-വന്യമൃഗ സംഘർഷം രൂക്ഷമായ കോതമംഗലത്തെ വനമേഖലയിൽ സുരക്ഷാ നടപടികൾ ശക്തമാക്കാൻ ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനം. വന്യമൃഗങ്ങളുടെ ആക്രമണം വർധിക്കുന്ന മേഖലകളിൽ ഉദ്യോഗസ്ഥർ അതീവ ജാഗ്രത പുലർത്തണമെന്നും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും ആന്റണി ജോൺ എംഎൽഎ നിർദേശിച്ചു. കുട്ടമ്പുഴയിൽ ട്രെഞ്ചിംഗ്, സോളാർ

ഫെൻസിംഗ് നടപടികൾ പുരോഗമിക്കുകയാണെന്ന് ജില്ലാ കളക്ടർ യോഗത്തിൽ അറിയിച്ചു.

******************************************

## എരിഞ്ഞിപ്പുഴ-അപകടം

കാസർഗോഡ് എരിഞ്ഞിപ്പുഴയിൽ കുളിക്കാനിറങ്ങി കാണാതായ മൂന്നു കുട്ടികളുടെ മൃതദേഹം കണ്ടെത്തി. എരിഞ്ഞിപ്പുഴ സ്വദേശി സിദ്ദീഖിന്റെ മകൻ റിയാസ്, അഷ്റഫിന്റെ മകൻ യാസീൻ, മജീദിന്റെ മകൻ സമദ് എന്നിവരാണ് മരിച്ചത്. ഉച്ചയ്ക്ക് രണ്ടു മണിയോടെയാണ് അപകടം. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സംഭവസ്ഥലം സന്ദർശിച്ചു.

******************************************

## ബ്രേക്ക്........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

RNU TVPM

******************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

******************************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കീ ബാത്തിൻറെ 117-ാം പതിപ്പ് നാളെ. രാവിലെ 11 മണിക്ക് ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലും

പരിപാടി തത്സമയം കേൾക്കാവുന്നതാണ്. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് ലഭ്യമാകും.

*******************************************

## മന്ത്രി ശശീന്ദ്രൻ - വയനാട്

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം സംബന്ധിച്ച് യാതൊരുവിധ ആശങ്കയും വേണ്ടെന്നും രാജ്യത്തിന് തന്നെ മാതൃകയായ പുനരധിവാസ ടൗൺഷിപ്പ് നിർമിക്കുമെന്നും മന്ത്രി എ.കെ.ശശീന്ദ്രൻ. പുനരധിവാസത്തിന് സ്ഥലം നിർണ്ണയിക്കപ്പെട്ടതോടെ തുടർനടപടികൾ ഊർജ്ജിതമാക്കി യതായും മന്ത്രി വയനാട്ടിൽ പറഞ്ഞു.

*******************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിന്റെ സെമി ഫൈനൽ മത്സരങ്ങൾ നാളെ. ഉച്ചക്ക് രണ്ട് മണിക്ക് ബംഗാൾ സർവീസസിനെയും രാത്രി 7.30 ന് കേരളം മണിപ്പൂരിനെയും നേരിടും.

RNU TVPM

*******************************************

## ദേശീയ സീനിയർ ഫെൻസിംഗ് ... ഇൻട്രോ

കണ്ണൂരിൽ നടക്കാനിരിക്കുന്ന മുപ്പത്തി അഞ്ചാമത് ദേശീയ സീനിയർ ഫെൻസിംഗ് ചാമ്പ്യൻഷിപ്പിന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ. ഈ മാസം 31 മുതലാണ് ചാമ്പ്യൻഷിപ്പ്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..........**

(വോയ്സ്)

*******************************************

## വനിതാ ഫുട്ബോൾ ടീം

അഖിലേന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടി കാലിക്കറ്റ് സർവകലാശാല വനിതാ ഫുട്ബോൾ ടീം. കാരിക്കുടിയിലെ അളഗപ്പ സർവകലാശാലയിൽ നടന്ന സൗത്ത് സോൺ ചാമ്പ്യൻഷിപ്പിൽ ഭാരതിദാസൻ സർവകലാശാലയെ 2-1 ന് തോൽപ്പിച്ചതോടെയാണ് കാലിക്കറ്റ് യോഗ്യത ഉറപ്പിച്ചത്. അടുത്ത മാസം 11 മുതൽ 16 വരെ പഞ്ചാബിലെ G N A സർവകലാശാലയിലാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

****************************************

## കണ്ണൂർ എ.ഡി.എം-ഹർജി

കണ്ണൂർ എ.ഡി.എം. ആയിരുന്ന കെ.നവീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ തെളിവുകൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഭാര്യ കെ.മഞ്ജുഷ നൽകിയ ഹർജി തീർപ്പാക്കി കോടതി. തെളിവുകൾ സുരക്ഷിതമാണെന്ന പോലീസ് റിപ്പോർട്ടിനെ തുടർന്നാണ് കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഹർജി തീർപ്പാക്കിയത്.

RNU TVPM

****************************************

## കളമശ്ശേരി - മഞ്ഞപ്പിത്തം

മഞ്ഞപ്പിത്ത ബോധവൽക്കരണ, പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കളമശ്ശേരി നഗരസഭയിലെ പള്ളിലാംകര വാർഡിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള കിറ്റ് വിതരണം ചെയ്തു. നഗരസഭ, ആരോഗ്യ വകുപ്പ്, ഗവൺമെന്റ് ഐടിഐ എൻഎസ്എസ് യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ബോധവൽക്കരണ പ്രവർത്തനങ്ങളും കിറ്റ് വിതരണവും നടത്തിയത്.

****************************************

## നിയമസഭാ പുസ്തകോത്സവം

ജനുവരി 7 മുതൽ 13 വരെ നടക്കുന്ന നിയമസഭ പുസ്തകോത്സവത്തിന്റെ ഭാഗമായി പ്രത്യേക സ്റ്റുഡൻറ്സ് കോർണറും സിറ്റി ടൂർ പാക്കേജും ഒരുങ്ങുന്നു. വിദ്യാർത്ഥികൾ രചിച്ച പുസ്തകങ്ങൾ 'സ്റ്റുഡൻറ്സ് കോർണർ' എന്ന പ്രത്യേക വേദിയിൽ പ്രകാശനം ചെയ്യും. പുസ്തകോത്സവത്തിന് എത്തുന്ന വിദ്യാർത്ഥികൾക്ക് തിരുവനന്തപുരം നഗരത്തിലെ വിവിധ സ്ഥലങ്ങൾ സൗജന്യമായി സന്ദർശിക്കാനുള്ള സിറ്റി ടൂർ പാക്കേജും ലഭ്യമാക്കുന്നുണ്ട്.

*********************************

## പ്രശാന്ത് നാരായണൻ-അനുസ്മരണം

പ്രമുഖ നാടകകൃത്തും സംവിധായകനുമായിരുന്ന പ്രശാന്ത് നാരായണന്റെ ഒന്നാം ചരമവാർഷിക ദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച അനുസ്മരണ പരിപാടി എഴുത്തുകാരൻ ജി. ആർ. ഇന്ദുഗോപൻ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരൻ എം രാജീവ് കുമാർ, കളം തിയറ്റർ ആൻഡ് റപ്പെട്ടറി മാനേജിങ് ഡയറക്ടർ കല സാവിത്രി, കളം പീരിയോഡിക്കൽസ് ഡയറക്ടർ സിനോവ് സത്യൻ തുടങ്ങിയവർ പങ്കെടുത്തു.

RNUTVPM

*********************************

## പെരിയ കേസ്

കാസർഗോഡ് പെരിയ ഇരട്ട കൊലപാതക കേസിൽ 14 പ്രതികൾ കുറ്റക്കാരെന്ന് കൊച്ചി സി.ബി.ഐ കോടതി. ഒന്നുമുതൽ എട്ടുവരെയുള്ള പ്രതികൾക്കെതിരെ കൊലക്കുറ്റം തെളിഞ്ഞതായും മുൻ എം.എൽ.എ കെ.വി.കുഞ്ഞിരാമൻ കേസിൽ കുറ്റക്കാരനാണെന്നും കോടതി കണ്ടെത്തി. ശിക്ഷ ജനുവരി മൂന്നിന് വിധിക്കും. 2019 ഫെബ്രുവരി 17 നാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരായിരുന്ന ശരത് ലാൽ, കൃപേഷ് എന്നിവർ കൊലപ്പെട്ടത്. കേസിൽ പത്തുപേരെ വെറുതെ വിട്ടു.

**************************************************************************************************

*************